**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3898**

**21.06.2019 ൽ മറുപടിയ്ക്ക്**

## കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളുടെ പരിശീലനം

**ചോദ്യം**

**ശ്രീ. ഷാഫി പറമ്പിൽ**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ (ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ സേവനം ഇതിനകം ഏതെല്ലാം മേഖലകളിൽ പ്രയോജനപ്പെടുത്തുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) | 2019 ജൂൺ 5 ലെ പരിസ്ഥിതിദിനാചരണത്തോടനു - ബന്ധിച്ച് നടത്തിയ പരിസ്ഥിതി പ്രവർത്തനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയിൽ വോളന്റിയ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കുകയുണ്ടായി. പ്രകൃതി ദുരന്തം ഉണ്ടാകുന്ന അവസരങ്ങളിൽ ആവശ്യമായ രക്ഷാ പ്രവർത്തനങ്ങൾ നടത്തുവാൻ ഉതകുന്ന വിധം യൂത്ത് ആക്ഷൻ ഫോഴ്സിന് പരിശീലനം നൽകിയിട്ടുണ്ട്. |
| (ബി) | ഫോഴ്സ് അംഗങ്ങളുടെ എണ്ണം വ്യക്തമാക്കുമോ ; ദുരന്ത മേഖലയിൽ പ്രവർത്തിക്കുന്നതിന് ഫോഴ്സ് അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ടോ ; വിശദമാക്കുമോ ; | (ബി) | ഓൺലൈനായി ഇതുവരെ 1,15,862 പേർ വോളന്റിയ യൂത്ത് ആക്ഷൻ ഫോഴ്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ 1000 പേർക്കും രണ്ടാംഘട്ടത്തിൽ 278 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്. ഫോഴ്സ് അംഗങ്ങൾക്ക് ഫയർ & റസ്ക്യൂ, കരാട്ടേ, ട്രക്കിംഗ്, മൗണ്ടനേയറിംഗ്, ദുരന്തനിവാരണം, പ്രാഥമിക ശുശ്രൂഷ എന്നീ മേഖലകളിൽ പരിശീലനം നൽകുകയുണ്ടായി. |
| (സി) | പ്രസ്തുത പരിശീലനത്തിനായി ഇതിനകം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ? | (സി) | വോളന്റിയ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പരിശീലനത്തിനായി ഇതിനകം 78,15,288/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**